മാർച് 2,2014

# മോദി ലഖ്നൗവിൽ

**അരുൺ ജെയ്റ്റ്ലി,** എഴുതുന്നു

ലക്നൗവിലെ നരേന്ദ്രമോദിയുടെ റാലി അഭൂതപൂർവ്വമായ പ്രതികരണത്തിനാണ് വേദിയായത്. ദൽഹി ആരു ഭരിക്കണമെന്ന് തീരുമാനിക്കാൻ യുപിക്ക് നിർണ്ണായകമായ പങ്കുണ്ട്. 80 അംഗങ്ങളെ ലോക്സഭയിലേക്ക് അയയ്ക്കുന്ന രാജ്യത്തെ ഏറ്റവും വലിയ സംസ്ഥാനമാണ് അത്. 1990കളിൽ പൊതു തെരഞ്ഞെടുപ്പിൽ അവിഭക്ത യുപിയിലുണ്ടായിരുന്ന 85 മണ്ഡലങ്ങളിൽ 52ലും ബിജെപി വിജയിച്ചു. 1996ൽ ഈ സംഖ്യ 58ലേക്കുയർന്നു (രണ്ടെണ്ണം സഖ്യകക്ഷികൾക്ക്). 1998-ൽ 50 സീറ്റുകളാണ് പാർട്ടി നേടിയത്. അതിനുശേഷം ബിജെപിയുടെ ശക്തി ക്രമാനുഗതമായി കുറഞ്ഞു. 1999-ലെ തെരഞ്ഞെടുപ്പിൽ 29 സീറ്റുകളാണ് ബിജെപി നേടിയത്. 2004-ലും 2009-ലും വെറും പത്തു സീറ്റുകൾ വീതമാണ് നേടാനായത്. ബിജെപിക്ക് ദലഹിയിൽ സർക്കാർ രൂപീകരിക്കണമെങ്കിൽ പാർട്ടി 1990-കളുടെ ആദ്യം നേടിയിരുന്ന കരുത്താർജ്ജിക്കണം. അത് സാദ്ധ്യമാകുമോ?

ഉത്തർപ്രദേശിലെ തെരഞ്ഞെടുപ്പു മത്സരം പ്രധാനമായും ബിജെപി, എസ്പി, ബി എസ്പി പാർട്ടികൾ തമ്മിലാണ്. 2009-ൽ കോൺഗ്രസ് 22 സീറ്റുകൾ നേടിക്കൊണ്ട് തിരിച്ചുവന്ന് ഒരു അതിശയം സൃഷ്ടിച്ചു. എന്നാൽ ഇപ്പോഴത്തെ സൂചനകൾ അനുസരിച്ച് ആ പാർട്ടി പാർശ്വവൽക്കരിക്കപ്പെടുമെന്നു കാണാം. എഎപി വാർത്താതരംഗം സൃഷ്ടിച്ചും ജനശ്രദ്ധ നേടിയും രംഗത്തുണ്ട്. യുപിയിൽ എഎപിക്ക് ശ്രദ്ധേയമായ തെരഞ്ഞെടുപ്പുനേട്ടം കൈവരിക്കാനാകുമെന്ന് തോന്നുന്നില്ല.

ബിഎസ്പി, എസ്പി കക്ഷികളുടെ ഭരണം പല ചോദ്യചിഹ്നങ്ങളും ഉയർത്തുന്നു. വിനാശകരമായ ഭരണമാണ് എസ്പി നടത്തിവരുന്നത്. ആ കക്ഷി ഭരിക്കുമ്പോൾ യുപിയിലെ ക്രമസമാധാനം തകർന്നടിയുന്നു. സാമൂഹ്യ, വർഗ്ഗീയ സംഘർഷങ്ങൾ പെരുകുന്നു. അസംഖ്യം വർഗ്ഗീയ സംഘട്ടന ങ്ങൾക്കാണ് യുപി സാക്ഷ്യം വഹിച്ചത്. പിടിച്ചുപറിക്ക് സമാനമായ ഭരണമായിരുന്നു ബിഎസ്പിയുടേത്. അവർ ഒരു സ്വേച്ഛാധിപത്യ ഭരണമാണ് നടത്തിയത്. കഴിഞ്ഞ പത്തുവർഷവും യപിഎയെ ഭരണത്തിൽ തുടരാൻ സഹായിച്ചതിന്റെ മുഖ്യ ഉത്തരവാദിത്വം ഈ രണ്ടു പാർട്ടികൾക്കുമാണ്. പരസ്പരം നീക്കുപോക്കുകൾ നടത്തിയാണ് അവർ മുന്നോട്ടുപോയത്. ഈ രണ്ടു പാർട്ടികളിലുംപെട്ട നേതാക്കൾക്കെതിരെ നിലവിലുള്ള അഴിമതിക്കേസുകളിൽ സിബിഐയെക്കൊണ്ട് അന്വേഷണക്കാര്യ ത്തിൽ മൃദുസമീപനം സ്വീകരിപ്പിച്ചുമാണ് പരസ്പര സഹകരണം അവർ മുന്നോട്ടുകൊണ്ടുപോയത്.

യുപിയിലെ ജനങ്ങളുടെ വീക്ഷണത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്. ജാതീയ ധ്രുവീകരണങ്ങൾക്ക് പ്രസക്തിയില്ലാതായി. ഈ ജാതീയ സാമൂഹ്യ ധ്രുവീകരണം പാടെ ഉന്മൂലനം ചെയ്യാനാകില്ലെങ്കിലും അതിന്റെ സ്വാധീനം താരതമ്യേന കുറഞ്ഞിട്ടുണ്ട്. നരേന്ദ്ര മോദി അഭിസംബോധന ചെയ്ത എട്ടു റാലികളും അഭൂതപൂർവമായ ജനക്കൂട്ടത്തെയാണ് ആകർഷിച്ചത്. യുപിയിലെ ഇന്നത്തെ വിഷയം സദ്ഭരണമാണ്. അഭിലഷണീയ രാഷ്ട്രീയ പ്രവർത്തനത്തിനുവേണ്ടിയുള്ള ആഗ്രഹം യുപിയിലെ ജനങ്ങളിൽ ദൃശ്യമാണ്. യുപി രാഷ്ട്രീയത്തിലെ സമവാക്യങ്ങളിൽ സമൂല മാറ്റം വന്നിരിക്കുന്നു. പ്രസൂൻ ജോഷിയുടെ ഒരു കവിത ചൊല്ലിക്കൊണ്ട് ഇന്നു മോദി പ്രസംഗം അവസാനിപ്പിച്ചപ്പോൾ എനിക്കോർമ്മ വന്നത് 1977-ലെ പൊതു തെരഞ്ഞെടുപ്പു റാലികളിൽ ദിനകർജിയുടെ വിഖ്യാത വരികളായ 'സിംഹാസൻ ഖാലീ കരോ ജനത ആത്തി ഹേ' (സിംഹാസനം ഒഴിഞ്ഞുകൊടുക്കുക, പ്രജകൾ വരുന്നുണ്ട്) ചൊല്ലിക്കൊണ്ട് അന്നത്തെ നേതാക്കൾ പ്രസംഗം അവസാനിപ്പിച്ചതായിരുന്നു.